**Athmaraksha.org**

കുടുംബപ്രാർത്ഥനകൾ

## റോസാ മിസ്റ്റിക്കാ മാതാവിനോടുള്ള പ്രാർത്ഥന-Rosa Mystica




### റോസാ മിസ്റ്റിക്കാ മാതാവിനോടുള്ള പ്രാർത്ഥന

ക്രിസ്തുനാഥാ, പിതാവിന്റെ പുത്രാ അങ്ങയുടെ അരൂപിയെ ഇപ്പോൾ ഭൂമിയിലേക്കയയ്ക്കണമേ, എല്ലാ ജനപദങ്ങളുടെയും ഹൃദയത്തിൽ പരിശുദ്ധാത്മാവ് വസിക്കട്ടെ! അതുവഴി ധാർമ്മികാധഃപതനം, ദുരന്തങ്ങൾ, യുദ്ധം ഇവയിൽനിന്നും അവർ സംരക്ഷിക്കപ്പെടട്ടെ. ഒരിക്കൽ മറിയമായിരുന്ന, സർവ്വജനപദങ്ങളുടെയും നാഥ, ഞങ്ങളുടെ അഭിഭാഷകയായിരിക്കട്ടെ. ആമ്മേൻ.

1.ഓ! മറിയമേ, റോസമിസ്റ്റിക്ക, യേശുവിന്റെയും ഞങ്ങളുടെയും മാതാവേ, ഞങ്ങളുടെ പ്രത്യാശയും ശക്തിയും ആശ്വാസവും നീയാകുന്നു. നിന്റെ മാതൃസ്നേഹത്താൽ നിന്റെ സ്വർഗ്ഗീയാനുഗ്രഹം ഞങ്ങൾക്കു വാങ്ങി തരേണമേ. പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ..ആമ്മേൻ

2.റോസമിസ്റ്റിക്കാ, കളങ്കമേൽക്കാത്ത കന്യകയേ, കൃപയുടെ മാതാവേ! നിന്നെ വണങ്ങുന്ന മക്കളായ ഞങ്ങൾക്കു വേണ്ടി നിന്റെ തിരുക്കുമാരനോട് പ്രാർത്ഥിച്ച് ദൈവത്തിന്റെ കരുണ പ്രാപിച്ചു തരണമേ. ഞങ്ങളുടെ യോഗ്യതയല്ല നിന്റെ മാധ്യസ്ഥതയാൽ കൃപയും അനുഗ്രഹവും ലഭിക്കാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു. നീ ഞങ്ങളുടെ പ്രാർത്ഥന കേൾക്കുമെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു. 1 നന്മ.....

3.റോസമിസ്റ്റിക്കാ, യേശുവിന്റെ മാതാവേ! ജപമാല രാജ്ഞി! ക്രിസ്തുവിന്റെ മൗതികശരീരമായ സഭയുടെ അമ്മേ! പലവിധ കലഹങ്ങളാൽ ഭിന്നിച്ചു നിൽക്കുന്ന മനുഷ്യവംശത്തിനു മുഴുവൻ ഐക്യവും സമാധാനവും നൽകണമേ. നിന്റെ മക്കളെല്ലാവരെയും സ്നേഹത്തിൽ ഒന്നിപ്പിക്കുകയും മാനസാന്തരത്തിന്റെ വരം നൽകി അനുഗ്രഹിക്കുകയും ചെയ്യണമേ. 1 നന്മ.....

4.റോസമിസ്റ്റിക്കാ, അപ്പസ്തോലന്മാരുടെ രാജ്ഞി, വിശുദ്ധ കുർബ്ബാനയോടുള്ള ഭക്തി

വർദ്ധിപ്പിക്കണമെ. വൈദിക ജീവിതത്തിലേക്കും, സന്യാസജീവിതത്തിലേക്കുമുള്ള ദൈവവിളികൾ വർദ്ധിപ്പിക്കണമെ. ദൈവവിളി ലഭിച്ചവർ അതിനനുസൃതമായി ജീവിക്കുവാനും അതുവഴി തിരുസുതന്റെ രാജ്യം വിസ്തൃതമാക്കിതീർക്കുവാനും ഇടയാകട്ടെ. 1 നന്മ.....

പരിശുദ്ധ രാജ്ഞി

പരിശുദ്ധരാജ്ഞീ, കരുണയുടെ മാതാവേ, സ്വസ്തി! ഞങ്ങളുടെ ജീവനും മാധുര്യവും ശരണവുമേ, സ്വസ്തി! ഹവ്വായുടെ പുറന്തള്ളപ്പെട്ട മക്കളായ ഞങ്ങൾ അങ്ങേ പക്കൽ നിലവിളിക്കുന്നു. കണ്ണുനീരിന്റെ ഈ താഴ്‌വരയിൽനിന്നു വിങ്ങിക്കരഞ്ഞ് അങ്ങേ പക്കൽ ഞങ്ങൾ നെടുവീർപ്പെടുന്നു. ആകയാൽ ഞങ്ങളുടെ മദ്ധ്യസ്ഥേ! അങ്ങയുടെ കരുണയുള്ള കണ്ണുകൾ ഞങ്ങളുടെ നേരെ തിരിക്കണമേ. ഞങ്ങളുടെ ഈ പ്രവാസത്തിനുശേഷം അങ്ങയുടെ ഉദരത്തിന്റെ അനുഗൃഹീതഫലമായ ഈശോയെ ഞങ്ങൾക്കു കാണിച്ചുതരണമേ. കരുണയും വാത്സല്യവും മാധുര്യവും നിറഞ്ഞ കന്യകാമറിയമേ. ആമ്മേൻ.

റോസമിസ്റ്റിക്ക സഭയുടെ മാതാവേ! ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ

## Rosa Mystica apparition

ഈ യുഗത്തിൽ പരിശുദ്ധമറിയം സർവ്വജനപദങ്ങളുടെയും നാഥ, അമ്മ, എന്നറിയപ്പെടാൻ അഭിലഷിക്കുന്നു. സർവ്വജനപദങ്ങളുടെയും നാഥയെന്ന പദവിയിൽ അമ്മ ആംസ്റ്റർഡാമിൽ പ്രത്യക്ഷപ്പെടുകയും ഈ ചിത്രവും പ്രാർത്ഥനയും നൽകുകയും ചെയ്തു.

ചിത്രത്തിൽ മാതാവ് കുരിശിനു മുൻപിൽ നിൽക്കുന്നതായി കാണപ്പെടുന്നു. കുരിശുമായി അത്ര ദൃഢബന്ധവും വേദനാപൂർണ്ണവുമായ ഐക്യം മാതാവിനുണ്ടായിരുന്നു. തന്മൂലം കന്യകാമറിയം സഹരക്ഷകയും മദ്ധ്യസ്ഥയും അഭിഭാഷകയുമായി ലോകത്തിലെ എല്ലാ ജനതകൾക്കു വേണ്ടി കൃപ, രക്ഷ, ശാന്തി എന്നിവയുടെ കിരണങ്ങൾ മാതാവിന്റെ കരങ്ങളിൽ നിന്നും ആഗമിക്കുന്നു. കുരിശിൽ നിന്ന് ലഭിച്ച ഈ അനുഗ്രഹങ്ങൾ ഈ പ്രാർത്ഥന ദിവസേന ചൊല്ലുന്നവർക്കെല്ലാം അമ്മ നല്കുന്നു.

റോസാമിസ്റ്റിക്കായുടെ തിരുനാൾ ജൂലൈ 13. എല്ലാമാസവും 13-ാം തീയതി ആചരിക്കുക. അതിന് ഒരുക്കമായി റോസമിസ്റ്റിക്കയുടെ പ്രാർത്ഥന 1-ാം തീയതി മുതൽ 13-ാം തീയതി വരെ നടത്തുക.

+++